**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1446** **11-09-2023 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ നവീകരണപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാകിരണം, കിഫ്ബി, പ്ലാൻ ഫണ്ട് എന്നിവ ഏതൊക്കെ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാലയങ്ങൾക്കാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാകിരണം) പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി താഴെപ്പറയുന്ന സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത സ്കൂളുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br><u>5 കോടി കിഫ്ബി പദ്ധതി</u><br><br>ജി.എച്ച്. എസ്.എസ്. കിഴക്കൻഞ്ചേരി സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br><br><u>3 കോടി കിഫ്ബി പദ്ധതി</u><br><br>3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ആലത്തൂർ ജി. ജി. എച്ച്. എസ്. എസിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>എരുമയൂർ ജി.എച്ച്. എസ്.എസിന്റെ നിർമ്മാണത്തിനുള്ള DPR തയ്യാറാക്കിയിരുന്നു. ചില ഭേദഗതികൾ ആവശ്യമായി വന്നിട്ടുണ്ട്. പുതുക്കിയ DSR/GST നിരക്ക് പ്രകാരം 3.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. DPR ഭേദഗതി വരുത്തി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**<u>1 കോടി കിഫ്ബി പദ്ധതി</u>**<br><br>1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്. കുനിശ്ശേരി, ജി എച്ച്. എസ്. മുടപ്പല്ലൂർ എന്നീ സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| | | | എന്നാൽ കരാർ റദ്ദാക്കേണ്ട സാഹചര്യമുണ്ടായി. തുടർന്ന് പുതുക്കിയ DSR/GST നിരക്കുകളിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ജി.എച്ച്. എസ്. കുനിശ്ശേരി സ്കൂളിന്റെ sub project revision ന് വേണ്ടി കിഫ്ബിക്ക് സമർപ്പിച്ചിരിക്കുന്നു. ജി.എച്ച് എസ്. മുടപ്പല്ലൂർ സ്കൂളിന്റെ Project Execution Document (PED) അംഗീകാരത്തിന് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ SPV യായ കില സ്വീകരിക്കുന്നതാണ്. തേൻകുറിശ്ശി ജി.എച്ച്. എസ്.എസിന്റെ നിർമ്മാണം പൂർത്തീകരിച്ചു. പുതിയങ്കം ജി.യു.പി.എസിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്, 99%ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>**<u>പ്ലാൻ ഫണ്ട് (സെക്കൻഡറി)</u>**<br><br>പ്ലാൻ ഫണ്ട് ഉപയോഗിച്ച് ജി.എച്ച്.എസ് കുഴൽമന്ദം സ്കൂളിന് കെട്ടിട നിർമ്മാണത്തിന് 675 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിർവഹണ ഏജൻസി പൊതുമരാമത്ത് വകുപ്പാണ്. നിലവിൽ 95% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>**<u>പ്ലാന്റ് ഫണ്ട് (ഹയർ സെക്കൻഡറി)</u>**<br><br>2016-17 വർഷത്തിൽ ഹയർ സെക്കൻഡറി പ്ലാൻ ഫണ്ട് ഉപയോഗിച്ച് ജി എച്ച്.എസ്.എസ് കല്ലിങ്കൽപ്പാടം സ്കൂളിന് കെട്ടിട നിർമ്മാണത്തിന് 330 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിർവഹണ ഏജൻസി പൊതുമരാമത്ത് വകുപ്പായിരുന്നു. നിലവിൽ പ്രവർത്തി പൂർത്തിയായിട്ടുണ്ട് . |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ സ്കൂളുകൾക്ക് മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം അനുവദിച്ച തുകയും പദ്ധതികളിലെ ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുകയും പ്രവൃത്തികളുടെ സ്ഥിതിഗതിയും വ്യക്തമാക്കാമോ; പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതെന്നും വ്യക്തമാക്കാമോ? | (ബി) | മറുപടി 'എ ' പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ